I/101220/2023

**<u>വിവരാവകാശം/മറുപടി</u>**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :17-06-2023
Email - swdkerala@gmail.com
Phone - 0471 – 2306040

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ & അപ്പീൽ അധികാരി,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

സെക്രട്ടറി,
സംസ്ഥാന വിവരാവകാശ കമ്മീഷൻ ,
തിരുവനന്തപുരം.

സർ,

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - വിവരാവകാശ നിയമം 2005 - ശ്രീ.കെ.ജി.അനിൽകുമാർ വിവരാവകാശ കമ്മീഷൻ മുൻപാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ - മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന :- 1.സംസ്ഥാന വിവരാവകാശ കമ്മീഷൻ സെക്രട്ടറിയുടെ 05.06.2023 തീയതിയിലെ 9914/SIC-G2/2022 നമ്പർ കത്ത്.

2.ഈ കാര്യാലയത്തിലെ 04.08.2022 തീയതിയിലെ SJD/3266/2022-E2 നമ്പർ കത്ത്

സൂചന കത്ത് കണ്ടാലും, ശ്രീ .കെ.ജി.അനിൽകുമാർ സംസ്ഥാന വിവരാവകാശ കമ്മീഷൻ മുൻപാകെ സമർപ്പിച്ച അപ്പീൽ സംബന്ധിച്ച് സംക്ഷിപ്ത തൽസ്ഥിതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

വിവരാവകാശ നിയമം പ്രകാരം ശ്രീ .കെ.ജി.അനിൽകുമാർ 05.02.2022 തീയതിയിൽ സമർപ്പിച്ച അപേക്ഷ ഈ കാര്യാലയത്തിൽ 10.02.2022 തീയതിയിൽ ലഭ്യമാകുകയും ആയതിനു 05.03.2022 തീയതിയിലെ SJD/645/2022/E2 നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത മറുപടിയിൻ പ്രകാരം അപേക്ഷകൻ 291 /- രൂപ ട്രഷറിയിൽ ഒടുക്കി ചെലാൻ ഹാജരാക്കിയതിൻ അടിസ്ഥാനത്തിൽ 26.03.2022 തീയതിയിൽ അപേക്ഷകൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് നൽകിയിട്ടുണ്ട്.

തുടർന്ന് അപേക്ഷകൻ നൽകിയ ഒന്നാം അപ്പീലിന് 11.05.2022 തീയതിയിൽ SJD/1562/2022/E2 നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിട്ടുണ്ട് . പ്രസ്തുത മറുപടിയിൻ പ്രകാരം അപേക്ഷകൻ 219 /- രൂപ ട്രഷറിയിൽ ഒടുക്കി ചെലാൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 27.05.2022 തീയതിയിൽ അപേക്ഷകൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് നൽകിയിട്ടുണ്ട്. ആയതിന്റെ എണ്ണത്തിൽ കുറവ് ഭവിച്ചിട്ടുണ്ടെങ്കിൽ അപേക്ഷകന് ഈ കാര്യാലയത്തിൽ നേരിട്ട് വന്നു പരിശോധിച്ച് ലഭ്യമാക്കാൻ വിട്ടുപോയ രേഖകൾ ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ ആവശ്യപ്പെടാവുന്നതാണ്.

I/101220/2023

വിവരാവകാശ നിയമം പ്രകാരം അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ ഈ കാര്യാലയത്തിൽ ലഭ്യമായ രേഖകൾ പ്രകാരം സമയബന്ധിതമായി അപേക്ഷകന് നൽകിയിട്ടുണ്ട്.ഇ-ഓഫീസ് സംവിധാനത്തിലൂടെ പ്രവർത്തിക്കുന്ന ഈ കാര്യാലയത്തിൽ സ്വീകരിക്കുന്ന തപാൽ മനഃപൂർവമായി മടക്കിയെന്ന് പറയുന്നത് എന്തടിസ്ഥാനത്തിലാണെന്നു വ്യക്തമല്ല.

ഒന്നാം അപ്പീൽ അപേക്ഷയിൽ അധിക വിവരങ്ങൾ ആവശ്യപ്പെട്ടതിനാലാണ് ഫയൽ റൂട്ടിങ്ങ് വേളയിൽ അപ്പീലാണെന്നത് ശ്രദ്ധയിൽപ്പെടാതെ സ്റ്റേറ്റ് പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ കത്ത് അംഗീകരിച്ചത് . വിവരാവകാശ പ്രകാരമുള്ള അപേക്ഷയിൽ അപേക്ഷകന് തൃപ്തികരമായ മറുപടി ലഭ്യമായില്ലെങ്കിൽ അപേക്ഷകന് അപ്പീൽ നൽകാൻ അവകാശമുണ്ട്.എന്നാൽ 05.02.2022 തീയതിയിൽ സമർപ്പിച്ച അപേക്ഷയിലെ രണ്ടാമത്തെ ചോദ്യത്തിനുള്ള മറുപടിയിൽ തൃപ്തിയില്ലാതെ അപേക്ഷകൻ നൽകിയ അപ്പീൽ അപേക്ഷയിൽ 2018 ഒക്ടോബർ, നവംബർ ,2019 ജൂലായ്, ആഗസ്റ്റ് മാസങ്ങളിലെ വിതരണ രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കണമെന്നാണ് ആവശ്യപ്പെട്ടത്. ആയതു സ്വാഭാവികമായും പുതിയ ചോദ്യമായി മാത്രമേ പരിഗണിക്കാൻ കഴിയൂ. ആദ്യ അപേക്ഷയിലെ ചോദ്യങ്ങളിൽ നിന്നും അപ്പീൽ അപേക്ഷയിലെ ചോദ്യം വ്യതിചലിച്ചതിനാലാണ് ഇത്തരത്തിൽ സംഭവിച്ചത്. എന്നിരുന്നാലും ആയതിനെ നോട്ട പിശക് മൂലമുണ്ടായ പിഴവായി അംഗീകരിക്കുന്നു.വിവരാവകാശ നിയമം പ്രകാരം അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ എല്ലാം തന്നെ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ നിശ്ചിത ദിവസ പരിധിക്കുള്ളിൽ നൽകിയിട്ടുണ്ട്. വിവരാവകാശ നിയമത്തിലെ അദ്ധ്യായം II വകുപ്പ് 4 ൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകളും , വിവരാവകാശ കമ്മീഷനും സർക്കാരും കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള നിർദേശങ്ങളും ഈ കാര്യാലയത്തിൽ യഥാവിധി നടപ്പിലാക്കിയിട്ടുണ്ടെന്നും അതോടൊപ്പം ശ്രീ .കെ.ജി.അനിൽകുമാർ സംസ്ഥാന വിവരാവകാശ കമ്മീഷൻ മുൻപാകെ സമർപ്പിച്ച അപ്പീലിന്മേലുള്ള മറുപടിയായി വിശദമായ റിപ്പോർട്ട് സൂചന 2 പ്രകാരം ഈ കാര്യാലയത്തിൽ നിന്നും നൽകിയിട്ടുള്ളതാണെന്നുമുള്ള വിവരം അങ്ങയെ അറിയിക്കുന്നു.

ഈ കാര്യാലയത്തിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെയും അപ്പീൽ അധികാരിയുടെയും ബന്ധപ്പെടേണ്ട വിലാസം, ഫോൺ നമ്പറുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക | ലാൻഡ് ഫോൺ നമ്പർ | മൊബൈൽ നമ്പർ | ഇ-മെയിൽ വിലാസം |
|---|---|---|---|---|
| 1 | സീനിയർ സൂപ്രണ്ട് & സ്റ്റേറ്റ് പബ്ലിക്ഇൻഫർമേഷൻ ഓഫീസർ | 0471-2306040 | 9497811179 | sjdesection@gmail.com |
| 2 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ & അപ്പീൽ അധികാരി | 0471-2306040 | 8086334943 | swdkerala@gmail.com |

I/101220/2023

വിവരാവകാശ നിയമം പ്രകാരം ശ്രീ.കെ.ജി അനിൽകുമാർ ഈ കാര്യാലയത്തിൽ നൽകിയ അപേക്ഷകൾ ആയതിനു ഈ കാര്യാലയത്തിൽ നിന്നും നൽകിയ മറുപടികൾ, സൂചന 2 കത്ത് എന്നിവയുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

Signed by Jisha T Joshua
Date: 17-06-2023 14:13:22

**ശ്രീമതി.ജിഷ.റ്റി.ജോഷ്വ**
**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ & അപ്പീൽ അധികാരി,**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്,**
**വികാസ് ഭവൻ 5th Floor,**
**തിരുവനന്തപുരം.**

പകർപ്പ്

ശ്രീ.കെ.ജി.അനിൽ കുമാർ,
ട്രിവാൻഡ്രം അസോസിയേറ്റ്സ് ,
ടി.സി 85/1520(2),
വഞ്ചിയൂർ,തിരുവനന്തപുരം.